**<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**
**<u>(സാന്നിദ്ധ്യം – ജാഫർ മലിക് ഐഎഎസ്)</u>**

**തിരുവനന്തപുരം**

**ഉത്തരവ് നമ്പർ ഇ9-6121/19** **തീയതി 31/5/2019**

വിഷയം :- സാമൂഹ്യനീതി വകുപ്പ് –ജീവനക്കാര്യം 28-02-1993 മുതൽ 31-10-2001 വരെ ജോലിയിൽ പ്രവേശിച്ച സൂപ്പർവൈസർ (ICDS) തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് –ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാമൂഹ്യനീതി ഡയറക്ടറുടെ 28-7-2007 ലെ ഇ9/18816/06/DSW നമ്പർ നടപടിക്രമങ്ങൾ

2. വനിത ശിശു വികസന ഡയറക്ടറുടെ 19-11-2018 ലെ ഇ1-1802/18/WCD നമ്പർ കത്ത്

3. തലശ്ശേരി അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ 21-05-2019 ലെ ICDS/TLYA/1009/19 നമ്പർ കത്ത്

4. പള്ളം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ 22-05-2019 ലെ ICDS PLM ADL/273/19 നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിൽ 28-02-1993 മുതൽ 31-10-2001 വരെ ഐസിഡിഎസ് സൂപ്പർവൈസർ തസ്തികയിൽ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോറിട്ടി ലിസ്റ്റിനെതിരെ പരാമർശം (2) മുതൽ (4) വരെയുള്ള ആക്ഷേപങ്ങൾ/ പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീർപ്പു കൽപ്പിക്കുന്നു.

2. പരാമർശം (1) ലെ അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം.299 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ജയാറെജി.എസ് 24/7/2000 ൽ സർവ്വീസിൽ പ്രവേശിച്ചതിനു ശേഷം ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ടിയാളുടെ സീനിയോറിട്ടി പുനക്രമീകരിക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീമതി ജയാറെജിയുടെ സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും ടിയാൾ 24/7/2000 ൽ ഐസിഡിഎസ് സൂപ്പർവൈസർ തസ്തികയിൽ പ്രവേശിച്ചെങ്കിലും 03/8/2000 മുതൽ 26/5/2005 വരെയുള്ള വിവിധ കാലയളവിലായി 1196 ദിവസം ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. "ശൂന്യവേതനാവധിയ്ക്കു ശേഷം 27/05/2005 ൽ Fresh Entrant ആയി സർവ്വീസിൽ തിരികെ പ്രവേശിച്ച ജീവനക്കാരി ഐസിഡിഎസ് സൂപ്പർവൈസർ തസ്തികയിൽ രണ്ടു വർഷത്തെ നിരീക്ഷണകാലം 26/05/2007 ൽ പൂർത്തിയാക്കിയതിനെ തുടർന്ന് 27/05/2007 പ്രാബല്യത്തിലാണ് ടിയാളുടെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീമതി ജയാറെജി.എസ് 28-02-1993 മുതൽ 31-10-2001 വരെ ഐസിഡിഎസ് സൂപ്പർവൈസർ

തസ്തികയിൽ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ പരാമർശം (1) ലെ അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുവാൻ അർഹയല്ല. ഈ സാഹചര്യത്തിൽ ശ്രീമതി ജയാറെജി.എസ്, ഐസിഡിഎസ് സൂപ്പർവൈസറെ പരാമർശം (1) ലെ സീനിയോറിട്ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു..

3. പരാമർശം (1) ലെ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം.330 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ഷിമിമോൾ.പി യുടെ പേര് ഷൈനിമോൾ.പി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് തിരുത്തുവാൻ ആധികാരികരേഖകൾ സഹിതമുള്ള ടിയാളുടെ അപേക്ഷ പരാമർശം (4) പ്രകാരം ലഭ്യമായിട്ടുണ്ട്. അപേക്ഷയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ ക്രമ നം..330 ൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരിയുടെ പേര് ഷിമിമോൾ.പി എന്ന് തിരുത്തി ഉത്തരവാകുന്നു.

4. പരാമർശം (1) ലെ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം. 371 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി റീനാകുമാരി.എ.കെ യുടെ പേര് റീന.എ.കെ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് തിരുത്തുവാൻ ആധികാരികരേഖകൾ സഹിതമുള്ള ടിയാളുടെ അപേക്ഷ പരാമർശം (3) പ്രകാരം ലഭ്യമായിട്ടുണ്ട്. അപേക്ഷയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ ക്രമ നം.371 ൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരിയുടെ പേര് റീനാകുമാരി.എ.കെ എന്ന് തിരുത്തി ഉത്തരവാകുന്നു.

5. പരാമർശം (1) ലെ ഉത്തരവ് മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്(കാര്യാലയമേധാവി മുഖേന)

പകർപ്പ്

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2. എല്ലാ കാര്യാലയമേധാവികൾക്കും
3. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്